**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം (ഭേദഗതി)

## KEAM -2022

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലെ ഒന്നാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

2022 ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് , ആർക്കിടെക്ചർ കോഴ്സുകളിലെ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട താത്ക്കാലിക കേന്ദ്രീകൃത അലോട്ട്മെന്റ് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2022 സെപ്റ്റംബർ 14 മുതൽ സെപ്റ്റംബർ 20 തീയതി രാവിലെ 10.00 മണി വരെ ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് KEAM 2022-Candidate Portal -ലെ Provisional Allotment List എന്ന Menu Item ക്ലിക്ക് ചെയ്ത് Provisional Allotment List കാണാവുന്നതാണ്.

ഭിന്നശേഷി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്കും, മറ്റ് സമുദായ ക്വാട്ട/രജിസ്റ്റേർഡ് സൊസൈറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടാ സീറ്റുകളിലും/സഹകരണ ജീവനക്കാരുടെ മക്കൾക്കായി മാറ്റി വച്ചിട്ടുള്ള സീറ്റുകളിലേക്കുമുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓപ്ഷനുകൾ ഉൾപ്പെടുത്തിയിരുന്ന തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ Cyber Physical Systems, Computer Science and Engineering(Data Science), Kannur Anjarakandi Malabar Institute of Technology ലെ Civil Engineering, Electrical & Electronics Engineering, Mechanical Engineering, ശ്രീബുദ്ധ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആലപ്പുഴ യിലെ Robotics and Automation Engineering എന്നീ കോഴ്സുകളിലേക്ക് വിവിധ കാരണങ്ങളാൽ അലോട്ട്മെന്റ് നടത്തിയിട്ടില്ല.

താത്കാലിക അലോട്ട്മെന്റുമായി ബന്ധപ്പെട്ട പരാതികൾ ceekinfo.cee@kerala.gov.in എന്ന ഇമെയിൽ മുഖാന്തിരം 22.09.2022 രാവിലെ 10 മണിക്കുള്ളിൽ അറിയിക്കാവുന്നതാണ്. പരാതികൾ പരിഹരിച്ച് ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് 22.09.2022 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ചിരുന്ന വിജ്ഞാപനത്തിൽ ചില അപാകതകൾ കണ്ടതിനെ തുടർന്ന് പുതുക്കിയ വിജ്ഞാപനം ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.09.21 17:39:26 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**21/09/2022**